## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3198 — 19.06.2018 ലെ മറുപടിക്ക്

## ഭവനനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ:കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു പലേടത്തും വില്ലേജുകളിലെ അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ വർഷങ്ങൾക്കു മുൻപ് നികത്തിയിട്ടുള്ളതുമായ ഭൂമിയിൽ, പഞ്ചായത്തുപരിധിയിൽ പത്തു സെന്റിലും മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധികളിൽ അഞ്ചു സെന്റിലുമായി ഭവനനിർമ്മാണത്തിനുള്ള പെർമിറ്റിനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) ബി.റ്റി.ആർ.-ൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ 2008-ന് മുമ്പ് നികത്തപ്പെട്ടിട്ടുള്ളതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകാൻ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 27 എ(6) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ